ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/5107/2025-I1 **തിയ്യതി: 31-10-2025**

29.09.2025ലെ അദാലത്ത് ഉപജില്ലാ സമിതി തീരുമാനം
*********************

അദാലത്ത് ഉപജില്ലാ സമിതിയിൽ ശ്രീ.ടി.രാമകൃഷ്ണൻ, ലക്ഷ്മി നിലയം, ഒറ്റപ്പാലം എന്നവർ സമർപ്പിച്ച പരാതി (Docket Number: BPPKD30830000019) അദാലത്ത് ഉപജില്ലാ സമിതി പരിഗണിച്ചു.

1. പരാതിക്കാരൻ കെട്ടിട നിർമ്മാണ അനുമതിക്കായി നൽകിയ അപേക്ഷ നാലു തവണ അസിസ്റ്റൻറ് എൻജിനീയറുടെ നിർദ്ദേശ പ്രകാരം മാറ്റിവെക്കപ്പെട്ടതായും, അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാൻ രണ്ടുവർഷം സമയമെടുത്തെന്നും, ഒരേ ആവശ്യത്തിനായി അപേക്ഷ ഫീസ് രണ്ട് തവണ ഒടുക്കി എന്നും പരാതിയിൽ പരാമർശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അദാലത്തിൽ നൽകിയ മറുപടി പ്രകാരം പ്ലാനിലെ അപാകതകൾ പരിഹരിക്കുന്നതിന് അറിയിപ്പ് നൽകി ഫയൽ റിട്ടേൺ ചെയ്തെങ്കിലും അപ്രകാരം പരിഹരിച്ച് ഫയൽ തിരികെ നൽകുന്നതിൽ കാലതാമസം വന്നതിനാൽ ആണ് അപേക്ഷ തീർപ്പാക്കാൻ കാലതാമസം നേരിട്ടത് എന്ന് പറയുന്നു. നിലവിൽ അപേക്ഷകന് മണ്ണ് നീക്കം ചെയ്യുന്നതിനും, കെട്ടിട നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്.

2. ഒരേ ആവശ്യത്തിനായി അപേക്ഷാഫീസ് രണ്ടുതവണ ഒടുക്കി എന്ന് പരാതിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, ഫയലുകൾ പരിശോധിച്ചതിൽ ഒരേ സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമദിക്കായി രണ്ട് പ്രാവശ്യം അപേക്ഷകൻ പ്രത്യേകം അപേക്ഷ നൽകിയതായി കാണുന്നു. ആദ്യത്തെ അപേക്ഷ തീർപ്പാക്കാതെ അത് നിലനിൽക്കേ തന്നെയാണ് രണ്ടാമതും അപേക്ഷ നൽകിയിട്ടുള്ളത്. ആയതിനാൽ ഒരേ അപേക്ഷയ്ക്ക് രണ്ടു തവണ ഫീസീടാക്കിയതായി കാണുന്നില്ല. രണ്ടും രണ്ട് അപേക്ഷയായിട്ടാണ് കാണുന്നത്.

3. അനുവദിച്ച പെർമിറ്റിൽ നിന്നും അധികരിച്ച് മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി അസിസ്റ്റൻറ് എൻജിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പിഴ തുക ഈടാക്കുന്നതിന് സെക്രട്ടറി അപേക്ഷകന് അറിയിപ്പ് നൽകിയതായി കാണുന്നു. കേരള മൈനർ മിനറൽ കൺസർവേഷൻ റൂൾസ് 2015, 31.03.2023ലെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് പ്രകാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് 3000 ചതുരശ്ര അടി വരെയുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകാൻ അധികാരമുണ്ട്. ആയത് പ്രകാരം പഞ്ചായത്ത് അപേക്ഷകന് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

ഈ പെർമിറ്റ് റിവൈസ് ചെയ്യാതെയും, പഞ്ചായത്തിന്റെ അനുമതി കൂടാതെയും അപേക്ഷകൻ അധികം മണ്ണ് നീക്കം ചെയ്തത് ചട്ടവിരുദ്ധമാണ്. മണ്ണ് നീക്കം ചെയ്തശേഷം അധികമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് ക്രമവൽക്കരിക്കുന്നതിനോ, ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് റിവൈസ് ചെയ്യുന്നതിനോ ചട്ടത്തിൽ പ്രൊവിഷൻ ഇല്ല. ആയതിനാൽ അധികമായി നീക്കം ചെയ്ത മണ്ണിനുള്ള പിഴ നിയമാനുസൃതം ഈടാക്കുന്നതിന് പഞ്ചായത്തിന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്. വിവരാവകാശ നിയമം 2005 പ്രകാരം അപേക്ഷ നൽകിയതിന്മേൽ തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ലെങ്കിൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ നൽ കാവുന്നതാണ്. അപേക്ഷകന് മറ്റ് പരാതികൾ ഉണ്ടെങ്കിൽ ആയത് മറ്റ് അധികാരസ്ഥാനങ്ങൾക്ക് പരാതി നൽകി പരിഹാരം നൽകാവുന്നതാണ്. ഇപ്രകാരം പരാതി തീർപ്പാക്കുന്നു.

വിശ്വസ്തതയോടെ

വിജയൻ.എം

ഇൻറേണൽ വിജിലൻസ് ഓഫീസർ &

കൺവീനർ ഉപജില്ലാ സമിതി-3

തദ്ദേശ സ്വയംഭരണ വകുപ്പ്

പാലക്കാട്

Signed by Vijayan M
Date: 31-10-2025 12:44:59